ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിച്ചിട്ടുണ്ട്.

(സി) സഹകരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിന് ഒരു സ്വതന്ത്ര തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിക്കുന്നതിനുവേണ്ടി 1999 ലെ കേരള സഹകരണ സംഘം (ഭേദഗതി) ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

135 (1044) സഹകരണ സംഘങ്ങളുടെ ഭരണസമിതി പിരിച്ചു വിട്ട നടപടി

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം സഹകരണ സംഘങ്ങളുടെ എത്ര ഭരണസമിതികൾ പിരിച്ചുവിട്ടു;

(ബി) ഇതിനെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തവയുടെ എണ്ണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസുകളിൽ എത്ര സഹകരണ സംഘങ്ങളുടെ ഭരണസമിതി പിരിച്ചുവിട്ട നടപടി റദ്ദാക്കിയിട്ടുണ്ട്?

ഉത്തരം

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ ഉള്ള 100 സഹകരണ സംഘങ്ങളുടെ ഭരണസമിതികളെ പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) 43 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(സി) 24 സഹകരണ സംഘങ്ങളുടെ ഭരണസമിതി പിരിച്ചുവിട്ട നടപടി റദ്ദാക്കിയിട്ടുണ്ട്.

136 (1045) സഹകരണ സ്ഥാപനങ്ങളിലെ ധനാപഹരണം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സഹകരണ സ്ഥാപനങ്ങളിലാണ് ധനാപഹരണവുമായി ബന്ധപ്പെട്ട് അന്വേഷണം നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട ഏതെല്ലാം സ്ഥാപനങ്ങളിലെ എത്ര ജീവനക്കാരുടെ മേൽ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ചേവായൂർ സർവീസ് സഹകരണ ബാങ്ക്, ചെലവൂർ സർവീസ് സഹകരണബാങ്ക്, താമരശ്ശേരി സർവീസ് സഹകരണ ബാങ്ക്, കോമ്മേരി സർവീസ് സഹകരണ ബാങ്ക്, കൊടുവള്ളി സഹകരണ ഹൗസിംഗ് സൊസൈറ്റി, കൊടുവള്ളി സർവീസ് സഹകരണ ബാങ്ക്, കടലുണ്ടി സർവീസ് സഹകരണ ബാങ്ക്, തിരുവമ്പാടി സർവീസ് സഹകരണ

LIBRARY ARCHIVES Kerala Legislative Assembly